| | | | |
|---|---|---|---|
| | | | കേരളത്തിൽ ഈടാക്കുന്ന നികുതി തന്നെയാണ് ഈടാക്കുന്നത്. അതായത് ആറ് യാത്രക്കാരിൽ കൂടുതലുള്ള ഓർഡിനറി കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 1540 രൂപയും മേൽത്തരത്തിലുള്ള പുഷ്ബാക്ക് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 2000 രൂപയും സ്ലീപ്പർ ബർത്ത് വാഹനങ്ങൾക്ക് 3000 രൂപയും എന്ന നിരക്കിലാണ് ഈടാക്കുന്നത്. |
| (സി) | രണ്ട് സംസ്ഥാനങ്ങളിലെയും നികുതിയിലുള്ള വലിയ അന്തരം പരിഹരിക്കുന്നതിന് കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേരളത്തിൽ നിന്നും കർണ്ണാടകത്തിലേയ്ക്ക് പോകുന്ന വാഹനങ്ങളിൽ നിന്നും അമിതമായി നികുതി ഈടാക്കുന്നതിനെതിരെ സർക്കാരും ഗതാഗത വകുപ്പും കർണ്ണാടക ഗവൺമെന്റുമായി നിരവധി തവണ ബന്ധപ്പെട്ടെങ്കിലും ഇതിന്മേൽ നടപടികളൊന്നും ഉണ്ടായിട്ടില്ല. കേരളത്തിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിൽ പ്രവേശിക്കുന്ന സ്വകാര്യ വാഹനങ്ങൾക്ക് കർണ്ണാടക സർക്കാർ ലൈഫ് ടൈം ടാക്സ് ഈടാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സർക്കാരിന്റെ നിർദ്ദേശ പ്രകാരം കർണ്ണാടക ഗതാഗത മന്ത്രിയുമായി 02.09.14-ന് ചർച്ച നടത്തുകയും അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിലേയ്ക്ക് വരുന്ന സ്വകാര്യ വാഹനങ്ങളിൽ നിന്നും ലൈഫ് ടൈം ടാക്സ് സ്വീകരിക്കുന്ന നടപടി നിർത്തിവയ്ക്കുവാൻ കർണ്ണാടക ഗതാഗത മന്ത്രി, കർണ്ണാടക ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഗതാഗത കമ്മീഷണർ അറിയിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ, നിർദ്ദേശങ്ങളോ കർണ്ണാടക സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.